# 1. പ്രവേശക പ്രവർത്തനം 2. പറയാം എഴുതാം 3. വരികൾ കണ്ടെത്താം 4. സമാന കവിതകൾ 5. ഒരേ ഈണം ... ഒരേ താളം

Micro Plan Name

1. പ്രവേശക പ്രവർത്തനം 2. പറയാം എഴുതാം 3. വരികൾ കണ്ടെത്താം 4. സമാന കവിതകൾ 5. ഒരേ ഈണം ... ഒരേ താളം

---

Activity Steps

പ്രവർത്തനങ്ങൾ - 1. പ്രവേശക പ്രവർത്തനം

ടി ബി പേജ് 7ലെ ചിത്രം കുട്ടികൾ നിരീക്ഷിക്കുന്നു.

ഡോ. കേ. ശ്രീകുമാറിന്റെ വിശപ്പ് എന്ന കഥയിലെ ടി ബി ൽ കൊടുത്ത ഭാഗം വ്യക്തമായി വായിക്കുന്നു.

ആശയഗ്രഹണത്തിനുള്ള കുട്ടികൾ ചോദ്യങ്ങൾ ചോദിക്കുന്നു.

ഐ സി റ്റി ഉപയോഗിച്ച് ടി ബി പേജ് ചിത്രം Enlarge ചെയ്ത് പ്രദർശിപ്പിക്കുന്നു.

ചിത്രത്തിൽ എന്താണ് കാണുന്നത്?

കഥയിൽ ആരെല്ലാം ഉണ്ട്?

കഥയിൽ ആരെയാണ് ഇഷ്ടപ്പെട്ടത്?

ഇഷ്ടപ്പെടാൻ കാരണം?

കഥയിലെ കുട്ടികളുടെ പെരുമാറ്റത്തെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്ത്?

കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കുന്നു.

ടീച്ചർ ക്രോഡീകരിക്കുന്നു.
ക്രോഡീകരണം ബിബി ചാർട്ടിൽ എഴുതുന്നു.

കഥയിലെ കുട്ടികളുടെ സ്ഥാനത്ത് നിങ്ങളായിരുന്നുവെങ്കിൽ എന്തുചെയ്യുമായിരുന്നു.

- കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കുന്നു

- ചെറിയ വാക്കുകളിൽ എഴുതി പ്രകടിപ്പിക്കുന്നു.

അമ്മ കുട്ടിക്ക് ഉച്ചയ്ക്ക് കഴിക്കാൻ കൊടുത്തയച്ച ചോറും, മുളകുചമ്മന്തിയും വഴിയോരത്തെ വൃദ്ധയ്ക്ക് നൽകിയ കുട്ടിയുടെ മനോഭാവം.

- സകല ചരാചരങ്ങളെയും സ്നേഹിക്കണമെന്ന ചിന്ത
- സ്നേഹത്തിന് വേണ്ടി ചെറിയ ത്യാഗങ്ങൾ
- നമ്മെ സ്നേഹിക്കുന്നവരും, നാം സ്നേഹിക്കേണ്ടി വരും
- തുടങ്ങിയവ വ്യക്തിഗതമായും ഗ്രൂപ്പിലും ചർച്ച ചെയ്യുന്നു.

സ്നേഹത്തിന്റെ മഹത്വം വിളിച്ചോതുന്ന തരത്തിൽ പ്രവേശകം പ്രവർത്തനം നടത്തുന്നു .

പ്രവർത്ത നങ്ങൾ - 2. പറയാം എഴുതാം

- കുട്ടികൾ വ്യക്തിഗതമായി കവിത വായിക്കുന്നു.
- ഗ്രൂപ്പ് തിരിഞ്ഞ് ഈണം, താളം എന്നിവ നൽകി കവിത അവതരിപ്പിക്കുന്നു.
- ആശയഗ്രഹണത്തിന് ഉതകുന്ന രീതിയിൽ കവിതയിലെ ചോദ്യങ്ങൾ ചോദിക്കുന്നു.

- വെള്ളക്കണ്ണൻ ഓഡിയോ കേൾപ്പിക്കുന്നു.
- ചോദ്യങ്ങൾക്കുള്ള ഉത്തരം കവിതകളായും തുടർന്ന് സ്വന്തം വാക്യങ്ങളായും പറയുന്നു. എഴുതുന്നു.

ഉദാ: കവിത – വെണ്ണ ലഭിക്കാൻ കണ്ണൻ എന്തൊക്കെ ന്യായങ്ങളാണ് അമ്മയോട് പറയുന്നത്?

1. "സ്നാനവും ചെയ്തു നീയാഗമിപ്പോളവും

പാലിച്ചേനല്ലോയി പാൽവെണ്ണ ഞാൻ"

2. "ഒറ്റക്കൈത്തന്നിൽ നീ വെണ്ണ വച്ചീടിനാൽ

മറ്റക്കൈ ക്കണ്ടിട്ടുകേഴുമല്ലോ"

3. "കള്ളനായുള്ളൊരു കാകൻതാൻ വന്നിട്ടെൻ

കൈയിലേ വെണ്ണയെ കൊണ്ടുപോയി"

വാക്യം -

1 .അമ്മ കുളിച്ചു വരുന്നതുവരെ താൻ പാൽവെണ്ണ കാത്തു സൂക്ഷിച്ചു

2. ഒരു കൈയിൽ മാത്രം വെണ്ണ വയ്ക്കുമ്പോൾ മറ്റെക്കൈ സങ്കടപ്പെടും.

3. വെണ്ണ കാക്ക കൊണ്ടുപോയി

നോട്ടുബുക്കിൽ എഴുതുന്നു.

ഇത്തരത്തിലുള്ള ചോദ്യങ്ങൾ നൽകുന്നു.

ഉത്തരം കണ്ടെത്താൻ ആവശ്യപ്പെടുന്നു.

"വെണ്ണകിട്ടിയപ്പോൾ കണ്ണൻ എന്താണ് ചെയ്തത്?

വെണ്ണിലാവോലുന്ന തിങ്കൾ പോലെ" കണ്ണന്റെ മുഖം തിളങ്ങാൻ കാരണമെന്ത്?

പ്രവർത്തനം : 3- വരികൾ കണ്ടെത്താം

താഴെപ്പറയുന്ന ആശയം വരുന്ന വരികൾ കണ്ടെത്തുന്നു. (കുട്ടികൾ വ്യക്തിഗതം)

കൈയിലെ വെണ്ണ കാക്ക കൊണ്ടുപോയി

കണ്ണൻ കള്ളം പറഞ്ഞിട്ടും അമ്മ വീണ്ടും വെണ്ണ നൽകുന്നു.

വെണ്ണ കിട്ടിയപ്പോൾ കണ്ണന്റെ മുഖം നിലാവുപോലെ തിളങ്ങുന്നു.

അവതരിപ്പിക്കുന്നു.- ക്രോഡീകരണം

1. "കള്ളനായുള്ളൊരു കാകൻ താൻ വന്നിട്ടെൻ

കൈയിലെ വെണ്ണയെ കൊണ്ടുപോയി

2. വൈകാതെ വണ്ണമ കൈതെവ പൈതൽ തൻ

കൈകളിൽ രണ്ടിലും വെണ്ണവച്ചാൻ”

3. വെണ്ണയെ ക്കണ്ടൊരു കണ്ണന്താനന്നേരം

വെണ്ണിലാ വഞ്ചിച്ചിരിപ്പു ചൊന്നാൻ"

കുട്ടികൾ ഗ്രൂപ്പ് തിരിഞ്ഞ് കവിതയുടെ ആശയം കണ്ടെത്തി അവതരിപ്പിക്കുന്നു. മറ്റു ഗ്രൂപ്പുകൾ ബന്ധപ്പെട്ട വരികൾ കണ്ടെത്തുന്നു.

പ്രവർത്തനങ്ങൾ - 4. സമാന കവിതകൾ കണ്ടെത്തുന്നു.

(ചൊല്ലി രസിക്കാം - ടി ബി പേജ് - 10)

കണ്ണന്റെ അമ്മയുടെ സ്നേഹവാത്സല്യങ്ങൾ കുട്ടികൾ കവിതയുടെ അവതരണത്തിലൂടെയും ആശയഗ്രഹണ ചോദ്യങ്ങളുടെ ഉത്തരങ്ങളിലൂടെയും കുട്ടികൾ മനസ്സിലാക്കുന്നു.

മറ്റൊരു അമ്മയുടെ സ്നേഹവാത്സല്യങ്ങൾ പരിചയപ്പെടുത്തുന്നു.

ഇടശ്ശേരിയുടെ "പൂതപ്പാട്ട്" അവതരിപ്പിക്കുന്നതിനായി കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു.

ഓരോ ഗ്രൂപ്പും ടി ബി പേജ് 10 ലെ "പൂതപ്പാട്ട്" അവതരിപ്പിക്കുന്നു.

അതിനുശേഷം പൂതപ്പാട്ടിന്റെ ഓഡിയോ കേൾപ്പിക്കുന്നു. (പൂർണ്ണരൂപം)

ഐ സി റ്റി
ഇടശ്ശേരിയുടെ
പൂതപ്പാട്ട് ഓഡിയോ

ആശയഗ്രഹണ ചോദ്യങ്ങൾ

എന്തൊക്കെയാണ് ഉണ്ണിയുടെ ആഭരണങ്ങൾ?

അമ്മ ഉണ്ണിക്ക് ആഹാരം എങ്ങനെയാണ് കൊടുക്കുന്നത്

അമ്മ കുഞ്ഞിനെ ഉറക്കുന്നതെങ്ങനെയാണ്?

കവിതയിൽ നിന്ന് ഉത്തരം കണ്ടെത്തുന്നു.

നോട്ടുബുക്കിൽ എഴുതുന്നു.

ക്രോഡീകരണം

1. ഉണ്ണിയുടെ അരയിൽ കിങ്ങിണി,

കാതിൽ കുടക്കടുക്കൻ

2. ഉണ്ണിക്ക് പാപ്പ, പാൽ, കാച്ചിയ മോരൊഴിച്ചിട്ട് ചോറ് കാക്കയുടെയും പൂച്ചയുടെയും പാട്ടുകൾ പാടിക്കൊടുത്തും, മാനത്തമ്പിളി മാമനെ കാണിച്ചുകൊടുത്തുമാണ് ആഹാരം കൊടുക്കുന്നത്.

നങ്ങേലി കുഞ്ഞിനെ തങ്കകട്ടിലിൽ പട്ട് വിരിച്ച് താലോലം പാടിയും, പൂ പോലുള്ള തുടയിൽ തട്ടിയുമാണ് ഉറക്കിയത്.

ഉത്തരങ്ങള് നോട്ടുബുക്കിലേയ്ക്ക് എഴുതുന്നു. നോട്ടുബുക്കിലേയ്ക്ക്

പ്രവർത്തനം : 5- ഒരേ ഈണം... ഒരേ താളം

കവിത ഓഡിയോ
വള്ളത്തോൾ
കൃഷ്ണഗാഥ

ടി ബി പേജ് 11 ലെ - മഹാകവി വള്ളത്തോളിന്റെ സാഹിത്യ മഞ്ജരിയിലെ കവിത കുട്ടികൾ ചൊല്ലുന്നു.

ആവൂ വിശപ്പില്ലേ, കാച്ചിയ പാലിതാ

...........................................................

...........................................................

വല്ലതും മുന്മട്ടിൽ സംസാരിപ്പിൻ

അതിനുശേഷം ചെറുശ്ശേരിയുടെ കൃഷ്ണഗാഥയിലെ പാഠഭാഗത്തിലെ കവിത കുട്ടികൾ ചൊല്ലുന്നു. വള്ളത്തോളിന്റെയും ചെറുശ്ശേരിയുടെയും കവിതയുടെ കേൾപ്പിക്കുന്നു. ഈ രണ്ടു കവിതകളും ഈണത്തിൽ ചൊല്ലാൻ കഴിയുന്നത് എന്തുകൊണ്ടാണ്?

ചർച്ച

ക്രോഡീകരണം

രണ്ടു കവിതകളിലെയും വരികളിലെ അക്ഷരങ്ങളുടെ എണ്ണം തുല്യമായതിനാലാണ് ഒരേ താളവും ഒരേ ഈണവും കിട്ടുന്നത്.

---

Resources

---

Ideas, Understanding, Values
സ്നേഹത്തിന്റെ മഹത്വം വ്യക്തമാക്കുന്ന നിരവധി സാഹിത്യരചനകൾ ഉണ്ട്.

കവിതയുടെ താളത്തിന് അതിലെ വരികളുടെ അക്ഷരങ്ങളുടെ എണ്ണവുമായി ബന്ധമുണ്ട്.

---

Assessment
കവിതയ്ക്ക് ഈണം നൽകൽ

സമാന കവിതകൾ (ആശയമുള്ളവ) കണ്ടെത്തൽ

ആശയഗ്രഹണ ചോദ്യങ്ങളുടെ ഉത്തരം

ചർച്ചകളിലെ പങ്കാളിത്തം

---

Reference

---

Extended Activities
കഷ്ടപ്പെടുന്നവരെ സഹായിക്കുന്ന വീഡിയോ/ചിത്രങ്ങൾ/പേപ്പർ കട്ടിംഗുകൾ എന്നിവ ശേഖരിക്കുകയും ക്ലാസ്സിൽ പ്രദർശിപ്പിക്കുകയും ചെയ്യുക.

1) വള്ളത്തോളിന്റെ സാഹിത്യ മഞ്ജരിയിലെ കവിതളും ചെറുശ്ശേരിയുടെ കൃഷ്ണഗാഥയിലെ കവിതകളും ശേഖരിച്ച് ചൊല്ലുക.

2) 'സ്നേഹം' എന്ന ആശയം വരുന്ന കവിതകൾ കണ്ടെത്തൽ